# KOLO SURYOYO

**വി. മർത്തമറിയം യൂത്ത് അസ്സോസിയേഷൻ മണർകാട്**

പുസ്തകം –3 ലക്കം –5 ജൂൺ– 2010

Web: www.stmarysyouthmanarcad.org
www.syrianchurch.org/Kolosuryoyo.htm (internet edition)


# പൊതുവാർഷികം നടത്തി



*വി. മർത്തമറിയാം യാക്കോബായ സുറിയാനി കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 സൺഡേസ്കൂളുകളുടെയും ആഭിമുഖ്യത്തിൽ നടത്തിയ പൊതു വാർഷികത്തിൽ പള്ളി വികാരി വെരി. റവ. ഇ. ടി. കുര്യാക്കോസ് കോർ എപ്പിസ്ക്കോപ്പാ ഇട്ട്യേടത്ത് അദ്ധ്യക്ഷ പ്രസംഗം നടത്തുന്നു. അഭിവന്ദ്യ മർക്കോസ് മോർ ക്രിസോസ്റ്റമസ്, റവ. ഫാ. ജോർജ് കുന്നേൽ, ട്രസ്റ്റി പ്രൊഫ. റ്റി. സി. തോമസ് തണ്ടാശ്ശേരിൽ എന്നിവർ സമീപം.*






മണർകാട്: വി. മർത്തമറിയാം യാക്കോബായ സുറിയാനി കത്തീഡ്രലിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 സൺഡേസ്കൂളുകളുടെയും ആഭിമുഖ്യത്തിൽ പൊതു വാർഷികം ജൂൺ 6–ന് നടത്തി. പൗരസ്ഥ്യ സുവിശേഷ സമാജം സഹായ മെത്രാപ്പോലീത്ത അഭി. മർക്കോസ് മോർ ക്രിസോസ്റ്റമസ് തിരുമനസ്സുകൊണ്ട് യോഗം ഉദ്ഘാടനം ചെയ്തു. സണ്ടേസ്കൂൾ കുട്ടികൾ മറ്റു കുട്ടികളിൽനിന്ന് സ്വഭാവത്തിലും പെരുമാറ്റത്തിലും വ്യത്യസ്ത പുലർത്തണം. യേശുക്രിസ്തു ആയിരിക്കണം നിങ്ങളുടെ റോൾ മോഡൽ ജീവിതത്തിൽ എല്ലാ കാലഘട്ടങ്ങളിലും യേശുക്രിസ്തു മാതൃകയായി ജീവിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഉന്നത വിജയങ്ങളും പ്രശസ്തിയും കൈവരും. മലങ്കര സഭയിൽ ഒരു പള്ളിയുടെ കീഴിൽ ഇത്ര അധികം സണ്ടേ സ്കൂളുകൾ പ്രവർത്തിക്കുന്ന ഒരു പള്ളിയും വേറെയില്ല. പലതുകൊണ്ടും പ്രത്യേകതകൾ നിറഞ്ഞ ഈ മഹായിടവകയുടെ ഭാവി വാഗ്ദാനങ്ങളായ നിങ്ങൾ നല്ല ക്രൈസ്തവ സാക്ഷ്യം പുലർത്തുന്നവരായി തീരണമെന്നും അഭിവന്ദ്യതിരുമേനി ഉദ്ബോധിപ്പിച്ചു.

ഇടവക വികാരി വന്ദ്യദിവ്യശ്രീ ഈ. ടി. കുര്യാക്കക്കോസ് കോർ എപ്പിസ്ക്കോപ്പ അദ്ധ്യക്ഷത വഹിച്ചു. ഇൻസ്പെക്ടർ റവ. ഫാദർ മാത്യു എം. ബാബു വടക്കെപറമ്പിൽ, ഭദ്രാസന ഡയറക്ടർ റവ. ഫാ. ജോസി അട്ടച്ചിറ , റവ. ഫാ. ജോർജ് കുന്നേൽ, ട്രസ്റ്റി പ്രൊഫ. റ്റി. സി. തോമസ് തണ്ടാശ്ശേരിൽ എന്നിവർ പ്രസംഗിച്ചു. ഡിസ്ട്രിക്ട് തലത്തിൽ പാഠ്യപാഠ്യേതര മത്സരങ്ങളിൽ സമ്മാനർഹരായവർക്കുള്ള പാരിതോഷികം അഭിവന്ദ്യ തിരുമനസ്സുകൊണ്ട് നൽകി.

# സംഗീത സമ്രാട്ടായ പരിശുദ്ധ യാക്കോബ് തൃതീയൻ ബാവാ

– ആബൂൻ –



സുറിയാനിസഭയുടെ ആരാധന പൈതൃകം പിന്തുടരുന്ന ആർക്കും ഒരുനാളും വിസ്മരിക്കാനാവാത്ത ഒരു നാമമാണ് പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടേത്. സംഗീതത്തിന് പ്രത്യേകിച്ച് ആരാധനസംഗീതത്തിൽ അദ്ദേഹത്തിന്റെ സംഭാവനകൾ വിലയേറിയതാണ്. വിസ്മൃതിയിലാണ്ടുപോയ പല സുറിയാനി രാഗങ്ങളും ക്രമപ്പെടുത്തിയത് പ. ബാവായാണ്. സുറിയാനി സഭയുടെ ആരാധനയും അനുബന്ധിച്ചുള്ള സംഗീതവും രൂപപ്പെട്ടത്. ദൈവാത്മാവിനാൽ നിറയപ്പെട്ട പരിശുദ്ധ പിതാക്കന്മാർ ജീവിച്ചിരുന്ന ദയറാകളിൽ ആണ്. ഓരോ ദയറായോടും ബന്ധപ്പെട്ട് വ്യത്യസ്ത ആലാപനശൈലികളും ഉണ്ടായിരുന്നു. പ്രധാനമായും മൂന്നെണ്ണമാണ് തൂറബദീൻ, മൂസൽ എഡേസ്സ മലങ്കരയിലെ വൈദീകപാഠശാലയായിരുന്ന പാമ്പാക്കുട സെമിനാരിയിൽ തൂറബ്ദീൻ ശൈലി പിന്തുടർന്നതിനാൽ മലങ്കര ആകമാനം ആ ശൈലിയാണ് നിലവിലിരുന്നത്. പ. ബാവാ അബ്ദുൾ ആഹാദ് റമ്പാനായി മലങ്കരയിൽ താമസിക്കുമ്പോൾ മൂസൽ ശൈലി മലങ്കരയിൽ പ്രചരിപ്പിച്ചു. സുറിയാനി, അറബി, മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ സംഗീതം ആലപിക്കുവാൻ പ. ബാവായ്ക്ക് വൈദഗ്ധ്യം ഉണ്ടായിരുന്നു. ബാവായ്ക്ക് മലയാളം സംസാരിക്കുവാനും എഴുതുവാനും സാധിക്കുമായിരുന്നു. മലയാളത്തിൽ പുസ്തകം രചിച്ചിട്ടുണ്ട്. പരിശുദ്ധ യാക്കോബ് തൃതീയയൻ പാത്രിയർക്കീസ് ബാവായുടെ മാമോദീസാ പേര് ശബാ എന്നായിരുന്നു. തോമായുടെയും ശ്മൂനിയുടെയും മകനായ ശബാ 1912 ഒക്ടോബർ 13-ാം തീയതി ഇറാഖിലെ മുസലിനടുത്തുള്ള ബർത്തലേ എന്ന ഗ്രാമത്തിൽ ജനിച്ചു. സ്വതന്ത്രഗ്രാമമായ ബർത്തലേയിൽ പ്രാഥമിക വിദ്യാഭ്യാസം നടത്തി.

1923-ൽ മോർ മത്തായിയുടെ ദയറായിൽ വൈദിക പഠനത്തിനായി ചേർന്നു. 1924-ൽ മോർ ക്ലീമ്മീസ് യൂഹാനോൻ മെത്രാപ്പോലീത്തായിൽനിന്നും കോറുയോ പട്ടവും 1929-ൽ പരിശുദ്ധ ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവായിൽനിന്നും യൗഫദിയകനൊ പട്ടവും സ്വീകരിച്ചു.

1931 മുതൽ 1933 വരെ ബെയ്റൂട്ടിലെ വൈദിക സെമിനാരിയിൽ സുറിയാനി മല്പാനായിരുന്നു. അറബി, ഇംഗ്ലീഷ്, ഫ്രഞ്ച് എന്നീ ഭാഷകൾ നന്നായി കൈകാര്യം ചെയ്യുമായിരുന്നു. 1933 കർക്കിടകം 20-ാം തീയതി പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ അബ്ദുൾ ആഹാദ് എന്ന പേരിൽ റമ്പാനാക്കി. പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിനായി മലങ്കരയിൽ നിന്നെത്തിയ അന്ത്യോഖ്യാ സിംഹാസന പ്രതിനിധി മോർ യൂലിയോസ് ഏലിയാസ് ബാവായോടുകൂടെ അബ്ദുൾ ആഹാദ് റമ്പാൻ 1933-ൽ മലങ്കരയിൽ വന്നു. 1934-ൽ മോർ യൂലിയോസ് ഏലിയാസ് ബാവ അബ്ദുൾ ആഹാദ് റമ്പാനെ കശീശയാക്കി. റമ്പാച്ചൻ 1933 മുതൽ 1946 വരെ മഞ്ഞനിക്കരയിൽ താമസിക്കുകയും തനിക്കു യൗഫദിയക്കനോ പട്ടം തന്ന പ. ഏലിയാസ് തൃതീയന്റെ കബറിങ്കൽ ശുശ്രൂഷിക്കുകയും വൈദിക വിദ്യാർത്ഥികളെ പരിശീലിപ്പിക്കുകയും ചെയ്തു.

1946-ൽ അബ്ദുൾ ആഹാദ് റമ്പാച്ചൻ മൂസലിലേക്കു (ഇറാക്ക്) മടങ്ങിപ്പോയി. ഇദ്ദേഹത്തോടൊന്നിച്ചാണ് കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തയായി തിരഞ്ഞെടുക്കപ്പെട്ട ചെറായി മുളയിരിക്കൽ പൗലോസ് റമ്പാച്ചനും വയലിപ്പറമ്പിൽ തോമസ് വറുഗീസ് കശീശായും മേല്പട്ട സ്ഥാനമേൽക്കുന്നതിനായി ഹോംസിലേക്കു യാത്രയായത്. 1946 മുതൽ 1950 വരെ റമ്പാച്ചൻ മൂസലിലെ മോർ അപ്രേം വൈദിക സെമിനാരിയുടെ ചുമതല വഹിച്ചു. 1950-ൽ അബ്ദുൾ ആഹാദ് റമ്പാച്ചനെ ബെയ്റൂട്ട്-ഡമാസ്കസ് ഇടവകകളുടെ മെത്രാപ്പോലീത്തയായി യാക്കോബ് മോർ സേവേറിയോസ് എന്ന പേരിൽ പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ വാഴിച്ചു.

1957 ജൂൺ 23-ാം തീയതി പ. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ കാലം ചെയ്തപ്പോൾ 1957 ഒക്ടോബർ 14-ാം തീയതി കൈമാഖാം കുരിയാക്കോസ് മോർ ഒസ്താത്തിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പരിശുദ്ധ സുന്നഹദോസ് യാക്കോബ് മോർ സേവേറിയോസ് മെത്രാപ്പോലീത്തായെ പാത്രിയർക്കീസായി തിരഞ്ഞെടുക്കുകയും 1957 ഒക്ടോബർ 27-ാം തീയതി സ്ഥാനാരോഹണം നടത്തുകയും ചെയ്തു.

പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ സ്ഥാനാരോഹണം ചെയ്ത ഉടനെ സഭാസമാധാനത്തിനുള്ള താല്പര്യം വ്യക്തമാക്കിക്കൊണ്ട് 1957 നവംബർ 11-ാം തീയതി 82-ാം മ്പരായി കല്പന പുറപ്പെടുവിച്ചു. പാത്രിയർക്കീസ് പക്ഷം ഹൈക്കോടതിയിൽ പൂർണ്ണമായി വിജയിച്ചിരുന്ന അവസരത്തിലായിരുന്നു ഈ കല്പന. 1958 ഡിസംബർ 16-ാം തീയതിയിലെ 497-ാം നമ്പർ കല്പന പ്രകാരം മോർ ബസേലിയോസ് ഗീവറുഗീസ് ദ്വിതീയനെ കാതോലിക്കയായി സ്വീകരിച്ചു. 1963 ജനുവരി 3-ാം തീയതി മോർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാലം ചെയ്തു. തുടർന്ന് 1964 മെയ് 22-ാം തീയതി മോർ ഔഗേൻ തിമോത്തിയോസിനെ കാതോലിക്കയായി കോട്ടയത്തു വച്ച് വാഴിച്ചു.

പ. യാക്കോബ് തൃതീയൻ ബാവായുടെ പാത്രിയർക്കീസെന്ന നിലയിലുള്ള 23 വർഷങ്ങളിലെ ശുശ്രൂഷകൾ അഭിമാനാർഹമാണ്. ഈ കാലയളവിൽ രണ്ടു കാതോലിക്കന്മാരേയും 13 മെത്രാപ്പോലീത്തന്മാരെയും വാഴിച്ചു. മലങ്കരയ്ക്കുവേണ്ടി 1970-75 കാലഘട്ടത്തിൽ 6 മെത്രാപ്പോലീത്തന്മാരേയും സിംഹാസന പ്രതിനിധിയായ മോർ തീമോത്തിയോസ് അപ്രേം ആബുദി മെത്രാപ്പോലീത്തായേയും വാഴിച്ചു.

പ. യാക്കോബ് തൃതീയൻ ബാവായുടെ സ്വരമാധുര്യം പ്രശംസനീയമാണ്. നിരവധി മണിക്കൂറുകളെടുത്ത് പാടിയ ഏക്കാറകൾ (സുറിയാനി രാഗങ്ങൾ) കാസറ്റുകളിലായി ഇന്ന് പ്രചാരത്തിലുണ്ട്. 1971 ഒക്ടോബറിൽ ഗോറ്റിൻഗൻ സർവ്വകലാശാലയിൽ സുറിയാനി ഓർത്തഡോക്സ് സഭയെ സംബന്ധിച്ച് അവതരിപ്പിച്ച പ്രബന്ധം പരിശുദ്ധ ബാവായുടെ പാണ്ഡിത്യത്തിനും സുറിയാനിസഭയ്ക്കും അംഗീകാരമുണ്ടാക്കി. 1971-ലും 1980-ലും റോമൻ കത്തോലിക്കാ സഭൈക്യ ചർച്ചകൾ നടത്തുകയും പോപ്പിനെ സന്ദർശിച്ച് സംഭാഷണങ്ങൾ നടത്തുകയും സഭാബന്ധം ശക്തിപ്പെടുത്തുകയും ചെയ്തു. ലബനോനിൽ ആധുനിക രീതിയിൽ പണികഴിപ്പിച്ചിട്ടുള്ള അനാഥമന്ദിരം, വൈദിക സെമിനാരി, ബെയ്റൂട്ടിലെ മാർ സേവേറിയോസ് കോളേജ്, സഹലയിലെ മെത്രാസന അരമന, ദമസ്ക്കോസിലെ പാത്രിയർക്കാ ആസ്ഥാനം, മോർ അപ്രേം ലൈബ്രറി എന്നിവ പരിശുദ്ധ ബാവായുടെ പരിശ്രമത്താൽ പരിപോഷിപ്പിക്കപ്പെട്ടവയാണ്.

1960-ൽ ഡബ്ല്യൂ. സി. സി. യിൽ സുറിയാനി സഭ അംഗമാകുകയും നിരവധി വൈദികരെയും മെത്രാപ്പോലീത്തന്മാരെയും വിദേശങ്ങളിൽ ഉപരിപഠനത്തിനയക്കുകയും സഭാ സമ്മേളനങ്ങളിൽ പ്രതിനിധികളെ അയയ്ക്കുകയും അതുവഴി സഭയുടെ മഹത്വം ഉയർത്തിക്കാട്ടുന്നതിന് പരിശ്രമിക്കുകയും ചെയ്തു.

1980 ജൂൺ 25-ാം തീയതി പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ 68-ാമത്തെ വയസ്സിൽ തന്റെ നാഥന്റെ വിളികേട്ട് സ്വർഗ്ഗീയ മാലാഖമാരോടൊത്ത്, മാലാഖമാർക്ക് അടുത്ത ശബ്ദ മധുരിമയിൽ ദിവ്യബലി തുടരുവാൻ സ്വർഗ്ഗീയ ഊർശ്ലേമിലെക്ക് യാത്രയായി. ജൂൺ 28-ാം തീയതി ദമസ്ക്കോസിലെ പാത്രിയർക്കാ അരമനോയുടെ ചേർന്നുള്ള സെന്റ് ജോർജ്ജ് കത്തീഡ്രലിന്റെ മദ്ബഹായുടെ കിഴക്കു ഭാഗത്തായി കബറടക്കിയിരിക്കുന്നു.

# ഭക്ഷ്യവസ്ത്ര സഹായ ക്യാമ്പിന് സംഭാവനകൾ നൽകി സഹകരിക്കുക

മണർകാട്: മണർകാട് സെന്റ്മേരീസ് യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ജൂലൈ 11-ന് (രണ്ടാം ശനിയാഴ്ച) ചെറുതോണി സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയിൽവച്ച് നടത്തപ്പെടുന്ന ഭക്ഷ്യ-വസ്ത്ര സഹായ ക്യാമ്പിന് സംഭാവനകൾ നൽകി വിശ്വാസികൾ സഹായിക്കണം. ഉപയോഗ യോഗ്യമായ പഴയതും, പുതിയതുമായ വസ്ത്രങ്ങൾ, അരി തുടങ്ങിയ സാധനങ്ങൾ ജൂലൈ മാസം 5-ാം തീയതിക്ക് മുൻപായി യൂത്ത് അസോസിയേഷൻ ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് അനൂപ് മാത്യു പിടീയേക്കൽ സെക്രട്ടറി 9633140100, റവ. ഫാ. കുര്യാക്കോസ് കാലായിൽ (പ്രസിഡന്റ്-9497668100), സാബു മൈലക്കാട്ട് (വൈസ് പ്രസിഡന്റ് -9447269526) എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

# മണർകാട് പള്ളിയിൽ എട്ടുനോമ്പ് പെരുന്നാൾ ആയിരത്തൊന്നംഗ ആഘോഷകമ്മറ്റി രൂപീകരിച്ചു

മണർകാട്: ആഗോള മര്യൻ തീർത്ഥാടന കേന്ദ്രമായ മണർകാട് വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ പരിശുദ്ധ ദൈവമാതാവിന്റെ ജനനപെരുന്നാളിനോടനുബന്ധിച്ച് നടത്തപ്പെടുന്ന എട്ട് നോമ്പാചരണം. പെരുന്നാളാഘോഷങ്ങൾ എന്നിവയുടെ നടത്തിപ്പിനായി 1001 അംഗ കമ്മറ്റി രൂപീകരിച്ചു. ഇടവക വികാരി റവ. ഇ. ടി. കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ ജനറൽ കൺവീനറും, സഹവൈദീകരും, മാനേജിംഗ് കമ്മറ്റിയംഗങ്ങളും, കൺവീനറുമാരുമായുള്ള വിവിധ കമ്മറ്റികളുടെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

നോമ്പിന്റെ പ്രാരംഭകാലം മുതൽ സെപ്തംബർ ഒന്നുമുതൽ എട്ടുവരെ ആചരിച്ചുവന്നിരുന്ന എട്ട്നോമ്പ് എട്ടാം തീയതി ദൈവമാതാവിന്റെ ജനനപെരുന്നാളാഘോഷത്തോടെയാണ് സമാപിക്കുന്നതെങ്കിലും, ആണ്ടിൽ ഒരിക്കൽ മാത്രം ഭക്തജന ദർശനത്തിനായി തുറന്നു കൊടുക്കുന്ന പരിശുദ്ധ ദൈവമാതാവ് ഉണ്ണിയേശുവിനേയും വഹിച്ചുനിൽക്കുന്ന വർണ്ണ മനോഹര ചിത്രം സ്ലീബാ പെരുന്നാൾ ദിവസമാണ് അടയ്ക്കുക. ഈ വർഷം നട അടയ്ക്കുന്ന ദിനംവരെ ഒരാഴ്ചക്കാലം കൂടി വൈ ദ്യുത ദീപാലങ്കാരങ്ങൾ പ്രവർ ത്തിപ്പിക്കുന്നതിനും, അഭിവന്ദ്യ മെത്രാപ്പോലീത്തമാർ ദിവ്യബലി അർപ്പിക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തു കഴിഞ്ഞു. ഇതുമൂലം പെരുന്നാൾ കഴിഞ്ഞും ഒരാഴ്ചക്കാലം കൂടി പെരുന്നാളിന്റെ പ്രഭാപൂരിതാന്തരീക്ഷം ദർശിക്കാനും, തിരക്കില്ലാതെ മാതൃചിത്രം ദർശിച്ച് പ്രാർത്ഥനകൾ നിർവ്വഹിക്കാനും ആകും.

# പഠനോപകരണങ്ങൾ വിതരണം ചെയ്തു

മണർകാട്: സെന്റ് മേരീസ് യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മണർകാട് ഗവ. എൽ. പി. സ്കൂളിലെ നിർധന വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. യൂത്ത് അസോസിയേഷൻ പ്രസിഡന്റ് റവ. ഫാ. കുര്യാക്കോസ് കാലായിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ മലയാള മനോരമ പബ്ലീഷർ മാമ്മൻ വർഗീസ് പഠനോപകരണവിതരണത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

മണർകാട് സെന്റ് മേരീസ് കത്തീഡ്രൽ ചീഫ് ട്രസ്റ്റി ഷെവ. പ്രൊഫ. റ്റി. സി. തോമസ് തണ്ടാശ്ശേരിൽ, യൂത്ത് അസോസിയഷൻ സെക്രട്ടറി അനൂപ് മാത്യു കുരുവിള, സ്കൂൾ ഹെഡ്മിസ്ട്രസ് മോളിക്കുട്ടി തുടങ്ങിയവർ പ്രസംഗിച്ചു.

എൺപത്തഞ്ചോളം വിദ്യാർത്ഥികൾക്ക് നോട്ട് ബുക്കുകൾ, കുട, ബോക്സുകൾ തുടങ്ങിയ പഠനോപകരണങ്ങൾ നൽകാനായി. ഇതിനാവശ്യമായ സാധനങ്ങൾ മാമ്മൻ വറുഗീസ്, ഫിലിപ്പ് കുരുവിള, ജെയ്ൻ ടി. ഏബ്രഹാം എന്നിവർ സ്പോൺ സർ ചെയ്തു.

# അന്ധകാരത്തിൽ നിന്നും സത്യപ്രകാശം

ശ്രീ. സി.കെ. ഏബ്രഹാം, മാലം

ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നു നമ്മുടെ കർത്താവരുളിച്ചെയ്യുന്നു. എന്റെ പിന്നാലെ വരുന്നവൻ ഇരുളിലാകാതെ ജീവന്റെ വെളിച്ചമുള്ളവനാകുന്നു എന്നു കല്പിച്ച കർത്താവ് നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു എന്നും അരുളിച്ചെയ്യുന്നു. ആകയാൽ വെളിച്ചമാണെന്ന് സ്വയം അഭിമാനിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന മനുഷ്യനിൽ നിന്നും വെളിച്ചത്തിന്റെ ഫലമായ സകല സത്ഗുണവും നീതിയും സത്യവും വെളിപ്പെടണം. അല്ലായെങ്കിൽ നിന്റെ വെളിച്ചം ഇരുളായും പോകും.

കുറ്റം ചെയ്യാത്തവൻ ശിക്ഷിക്കപ്പെടും. സത്യം പരാജയപ്പെട്ടു അസത്യം ജയിച്ചു വെളിച്ചം ഹനിക്കപ്പെട്ടു ഇരുട്ട് വ്യാപിച്ചു. അതുപോലെ തന്നെ പ്രവർത്തിക്കാതെ ക്യാമറയ്ക്കു മുമ്പിൽ പേരെടുക്കുവാൻ വെളിപ്പെടുന്നതും ഇരുളിന്റെ പ്രവർത്തി തന്നെ. കഷ്ടപ്പെട്ട് പ്രവർത്തിച്ചവർ പിൻതള്ളപ്പെടുന്നു. ഒന്നും പ്രവർത്തിക്കാത്തവർ പ്രശംസ പിടിച്ചുപറ്റുന്നു. എന്നാൽ പ്രവർത്തിക്കുന്നവന് ദൈവത്തിന്റെ പക്കൽ നിന്ന് ഒരു പ്രതിഫലം നിശ്ചയമായും ലഭിക്കും. ചെണ്ട തല്ലുകൊള്ളുകയും തല്ലാൻ ഉപയോഗിച്ച വടി കൈയ്യിലെടുത്ത് മാരാൻ ധനം സമ്പാദിക്കുകയും ചെയ്യുന്നത് രാഷ്ട്രീയത്തിൽ മാത്രമല്ല. സാമൂഹികവും സാമുദായികവുമായ തലത്തിലും ഇന്ന് പ്രകടമായി കാണുന്ന ഒരു അന്ധകാര പ്രവണതയാണ്. വലംകൈ ചെയ്യുന്നത് ഇടംകൈ അറിയരുതെന്ന അരുമനാഥന്റെ ആശയത്തിന് വിപരീതം തന്നെ. മനുഷ്യർ തങ്ങളുടെ നല്ല പ്രവർത്തികളെ കണ്ട് സ്വർഗ്ഗസ്ഥനായ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം മനുഷ്യരുടെ ഇടയിൽ പ്രകാശിക്കട്ടെ.

ആകയാൽ പകലുള്ളിടത്തോളം നിങ്ങളുടെ നല്ല പ്രവർത്തികൾ തുടരട്ടെ എന്തെന്നാൽ പ്രവർത്തിപ്പാൻ കഴിയാത്ത ഒരു രാത്രിവരും എന്ന് നമ്മുടെ കർത്താവ് ഓർമ്മപ്പെടുത്തുന്നു. അന്ധകാരത്തിന്റെ അധീനത്തിൽ പാപത്തിന്റെ വഴിയിൽ ദൈവത്തെ ഭയമില്ലാതെ പ്രവർത്തിച്ച മിസ്രയേമിലെ ഫറവോനെ നോക്കുക, തെല്ലും കരുണയില്ലാതെ ദൈവജനത്തെ കഠിനപീഡനത്തിന് വിധേയരാക്കി ദുഷ്ടത പ്രവർത്തിച്ചു. തന്റെ ജനത്തിന്റെ നിലവിളി ദൈവം കേട്ടു. അവരുടെ കഷ്ടതയും കണ്ണുനീരും ദൈവം കണ്ടു. ദുഷ്ടനായ ഫറവോന് ദൈവം ഒൻപത് അവസരങ്ങൾ നൽകി. എന്തെന്നാൽ അവനും ദൈവസൃഷ്ടിയായ മനുഷ്യനല്ലോ. പ്രാണനെ നശിപ്പിക്കുകയല്ല അതിനെ വീണ്ടെടുത്ത് രക്ഷിക്കുകയത്രേ കരുണാമയനായ ദൈവത്തിന്റെ പദ്ധതി. പക്ഷെ ഫറവോന്റെ ഹൃദയം കടുപ്പപ്പെടുകയായിരുന്നു. മനം തിരിയുകയോ മാനസാന്തരപ്പെടുകയോ ചെയ്യുവാൻ അവന് മനസ്സില്ലായിരുന്നു. ദൈവകോപം അവന്റെ മേൽ ജ്വലിച്ചു. ശിക്ഷാവിധിയുടേതായ അവസാനത്തെ അവസരം അവന്റെ മേൽ കോപത്തോടെ നിഴലിട്ടു. മിസ്രയേമിന്റെ നേരെ ദൈവകോപം ആളിപ്പടർന്നു. അർദ്ധരാത്രിക്ക് മിസ്രയേമിൽ വലിയൊരു നിലവിളി ഉയർന്നു. കൊട്ടാരം മുതൽ കാരാഗ്രഹം വരെ ദേശമെങ്ങും അലമുറ മാറ്റൊലി കൊണ്ടു. കടിഞ്ഞൂൽ സംഹാരം നിറവേറി. ആ രാത്രിയിൽ അധികാരമുള്ള, അഹങ്കാരിയായ, ദൈവത്തെ നിന്ദിച്ചവനായ ഫറവോന് ഒന്നും പ്രവർത്തിക്കാൻ കഴിഞ്ഞില്ല. പ്രവർത്തിപ്പാൻ കഴിയാത്ത രാത്രി മിസ്രയേമിൽ സംജാതമായി.

ദുഷ്ടതയുടെ നെരിപ്പോടിൽ കഷ്ടതയുടെ തീ കത്തിച്ച് ചില മോഹന വാഗ്ദാനങ്ങളുടെ വിറകിട്ട് ശക്തികൂട്ടിയ ആഴിക്ക് അപരനെ ഇല്ലാതാക്കുകയും ധനസ്ഥാനമാനങ്ങളുടെ നേട്ടത്തിനായി മാതാപിതാക്കളെ ദുഷിക്കുകയോ ചെയ്യുന്ന സത്യവിശ്വാസികളെ നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിക്കുവാൻ കഴിയാത്ത ഒരു രാത്രി വന്നു ചേരും. വെളിച്ചത്തിന്റെ മക്കളെന്ന് സ്വയം അഭിമാനിക്കുകയും സഹോദരി സഹോദരന്മാരുടെ ബലഹീനതയെ ചൂഷണം ചെയ്ത് അവർക്കുള്ളതെല്ലാം വഞ്ചിച്ച് സ്വന്തമാക്കിയിട്ട് അത്ഭുതങ്ങളും അടയാളങ്ങളും ഇല്ലെങ്കിലും ഉണ്ടെന്ന് കൊട്ടിഘോഷിക്കുന്ന നവീന സഭകളിലേക്ക് വഴിമാറി സത്യദൈവത്തെ മറന്ന് പുണ്യപിതാക്കന്മാരെ നിന്ദിച്ച് ശുദ്ധിമതിയായ മാതാവിനേയും അപഹസിച്ച് തള്ളിപ്പറഞ്ഞ ലജ്ജയില്ലാതെ തലയുയർത്തി നടക്കുന്ന പരിഹാസിയേ നിനക്കും പ്രവർത്തിപ്പാൻ കഴിയാത്ത ഒരു രാത്രി വന്നു ചേരും. കാരുണ്യവും ദീർഘക്ഷമയും മഹാദയയുമുള്ളവനായ യേശു കൃപയാൽ നിന്നെ വിളിക്കുന്നു. മടങ്ങിവരുക, തിരിച്ചുവരുക അസത്യത്തിന്റെ കാരാഗ്രഹത്തിൽ നിന്ന് സത്യവെളിച്ചത്തിലേക്ക് മടങ്ങിവരിക.

നസ്രായേനായ യേശു തെരഞ്ഞെടുത്ത് പേർ വിളിച്ച് അപ്പോസ്തോലത്തിന്റെ മഹനീയ പദവിയിലേക്ക് വേർതിരിച്ച യിസ്ക്കരിയോത്ത യൂദായെ ഓർത്തുനോക്കുക. ദ്രവ്യാഗ്രഹത്തിന്റെ അധിനിവേശത്തിൽ അരുമനാഥനായ സ്വന്തഗുരുവിനെ ഒറ്റിക്കൊടുക്കുകയും ചുംബനത്താൽ കാണിച്ച് കൊടുക്കുകയും ചെയ്ത യൂദാ, ദുഷ്ടന്മാരാൽ പിടിക്കപ്പെട്ടവനായ യേശു കഠിനതരമായ താഡനങ്ങളും മഹാകഷ്ടതകളും പീഡനങ്ങളും ഏറ്റ് ജഡത്തിൽ കണ്ടാൽ ആളല്ലാ എന്നു തോന്നുമാറ് വിരൂപമാക്കി, നിന്ദിച്ച് ക്രൂശിച്ചു. ക്രോധം പൂണ്ട യൂദമഹാപുരോഹിതന്മാരെ സമീപിച്ചു അവർ കൈയൊഴിഞ്ഞു വിലമതിക്കപ്പെടാനാകാത്ത ദൈവപുത്രന് വിലയായ് അവന് ലഭിച്ച ദ്രവ്യം അവരുടെ മുമ്പിൽ വലിച്ചെറിഞ്ഞു. പശ്ചാത്തപിക്കുവാൻ മനസ്സ് വരാതെ വൈരാഗ്യത്തോടെ പോയി കെട്ടിഞാന്ന് മരിച്ചു. ദ്രവ്യാഗ്രഹിയുടെ കണ്ണ് കുരുടായി പശ്ചാത്തപിക്കുവാൻ തടിച്ച്, മരവിച്ച് മനസ്സിന് സാധിക്കാതെ ആ രാത്രിയിൽ അവന് ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. രക്ഷപെടുവാനുള്ള വഴികൾ ഒന്നും ആരായുവാൻ കഴിയാതെ നശിച്ചു. വി. പൗലൂസ് തീമോത്തിയോസിന് എഴുതുമ്പോൾ ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിനും മൂലമല്ലോ അത് വിട്ടോടുക എന്ന് നിഷ്കർഷയോടെ ഉപദേശിച്ചിരിക്കുന്നു.

അന്ധകാരത്തിൽ നിന്നും അത്ഭുത പ്രകാശത്തിലേക്ക് വിളിച്ചവന്റെ വിശ്വസ്തതയെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വി. വംശവും സ്വന്തജനവുമായി പേർ വിളിക്കപ്പെട്ട നാം ധനമോഹത്താൽ സ്ഥാന ലബ്ദിക്കായി, വിളിക്കും തിരഞ്ഞെടുപ്പിനും വിപരീതമായി വർത്തിച്ചാൽ നമുക്കും അസ്സഹ്യമായ ഒരു രാത്രി വന്നു ചേരാം. നമ്മുടെ കർത്താവ് വിശ്വസ്തനായിരിക്കുന്നത് പോലെ നാമും വിശ്വസ്തനായിരിപ്പിൻ തക്ക കൂലിയും നല്ല പ്രതിഫലവും ഇടയശ്രേഷ്ഠനായ ക്രിസ്തുവിൽ നിന്നും അന്ന്, കർത്താവിന്റെ നാളിൽ ലഭിക്കും. പ്രവർത്തിപ്പാൻ കഴിയാത്ത രാത്രിയിൽ തന്റെ വിശ്വസ്തന്മാർക്ക് വേണ്ടി പ്രവർത്തിക്കുന്ന കർത്താവ് നിശ്ചയമായും ഇടപെടും.

മിസ്രയേമിൽ എങ്ങും നിലവിളിയും അലമുറയും മാറ്റൊലി കൊണ്ട ആ രാത്രിയിൽ കൊട്ടാരം മുതൽ കുടിൽ വരെ കടിഞ്ഞൂൽ സംഹാരം നടമാടി. രാജാവുൾപ്പെടെ ആബാലവൃദ്ധം ജനങ്ങളും തീരാ ദുഃഖത്തിലും കടുത്ത നിരാശയിലും ഇതികർത്തവ്യതാ മൂഢരായി. അതേ രാത്രിയിൽ തന്നെ ദൈവജനത്തെ മോശ മുഖാന്തരം ദൈവം രക്ഷിച്ച് മിസ്രേമിൽ നിന്നും കടന്നുപോരുവാൻ വഴിയൊരുക്കിയത് മറക്കരുതേ! അന്ധകാരം ഭൂമിയേയും കൂരിരുട്ട് ജാതികളെയും മൂടും എന്നാൽ നിന്റെ മേൽ ദൈവത്തിന്റെ വെളിച്ചവും തേജസ്സും അയച്ച് രക്ഷിക്കും എന്ന് യെശയ്യാവ് ആത്മാവിലൂടെ വെളിപ്പെടുത്തിയ സത്യമോർക്കുക. അന്ധകാരത്തിൽ പ്രകാശിക്കുന്ന ദൈവം – പ്രവർത്തിപ്പാൻ കഴിയാത്ത രാത്രിയിൽ പ്രവർത്തിക്കുന്ന സത്യദൈവം വാഴ്ത്തപ്പെടട്ടെ.

കർത്താവിന്റെ അടുക്കൽ വന്ന മാത്രയിൽ കേഫാ എന്ന് പേര് മാറ്റം പ്രാപിച്ച പത്രോസ് – നീ ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്ന് തന്റെ വിശ്വാസം ഏറ്റു പറഞ്ഞ വി. പത്രോസ് – ഇന്ന് കോഴി ഒരു വട്ടം കൂവുന്നതിന് മുമ്പ് നീ മൂന്നു വട്ടം എന്നെ തള്ളിപ്പറയുമെന്ന് കർത്താവ് പത്രോസിനോട് പറഞ്ഞമാത്രയിൽ പ്രാണൻ വെടിയേണ്ടി വന്നാലും അരുമനാഥനെ ഞാൻ ഒരുനാളും തള്ളിപ്പറയുകയില്ലാ എന്ന് ശപഥം ചെയ്ത വി. പത്രോസ് വില കുറഞ്ഞ ഒരു വേലക്കാരിയുടെ മുമ്പിൽ വിലയേറിയവനായ ദൈവപുത്രനെ പ്രാകുകയും അവനെ ഞാൻ അറിയുന്നില്ല എന്ന് തള്ളിപ്പറയുകയും ചെയ്തു. ഇരുകൈകളും പുറകിൽ കെട്ടി പീലാത്തോസിന്റെ മുമ്പിൽ ന്യായവിസ്താരത്തിന് നില്ക്കുന്ന യേശു – അവനെ ക്രൂശിക്കുക, ക്രൂശിക്കുക എന്ന് ജനം ആർത്ത് വിളിച്ചപ്പോൾ ഭയചകിതനായി നിന്ന പത്രോസ് – കോഴി കൂകുന്ന ശബ്ദം കേട്ട് ഞെട്ടിപ്പോയി. യേശു തിരിഞ്ഞ് പത്രോസിനെ ഒന്ന് നോക്കി. നാഥൻ മുൻകൂട്ടി അറിയിച്ചിട്ടും ഞാൻ എന്റെ കർത്താവിനെ തള്ളിപ്പറഞ്ഞല്ലോ എന്ന് ഓർത്ത് ഇരുട്ടിലേക്ക് നീങ്ങി. വലിയ ദുഃഖത്തോടെ പശ്ചാതാപത്തോടെ നിലവിളിച്ച പത്രോസ്, ആ രാത്രി ഒന്നും ചെയ്യുവാൻ കരുത്തില്ലാതെ പോയ വി. പത്രോസ്, അവന്റെ പശ്ചാത്താപവും ദുഃഖവും കണ്ണുനീരും കണ്ടറിഞ്ഞ് അവനോട് സകലവും ക്ഷമിച്ച് വി. പത്രോസിനെ അതീവശക്തനാക്കി മടക്കി വരുത്തി നിഷ്ക്രിയമായ രാത്രിയിൽ പ്രവർത്തിക്കുന്ന യേശുവിനെ നാം കാണുന്നു. നാളുകൾക്ക് ശേഷം പെന്തക്കോസ്തി പെരുന്നാളിൽ പരിശുദ്ധാത്മ അഭിഷേകം പ്രാപിച്ച വി. പത്രോസ് ശത്രുക്കളാൽ ബന്ധിതനായി. പിറ്റേന്ന് മരണ ദണ്ഡനത്തിന് വിധിക്കുവാൻ കാരാഗ്രഹത്തിന്റെ ഉൾമുറിയിൽ ചങ്ങലകളാൽ ബന്ധിതനായി പടയാളികളുടെ കാവലിൽ കിടന്ന രാത്രിയിൽ – അപ്പോസ്തലന് ഒന്നും പ്രവർത്തിപ്പാൻ കഴിയാത്ത ആ രാത്രി കർത്താവിന്റെ ദൂതൻ വെളിച്ചമായി കാരാഗ്രഹത്തിൽ എത്തി തളർന്നുറങ്ങുന്ന പത്രോസിനെ വിലാപ്പുറത്ത് തട്ടിയുണർത്തി നിന്റെ അരകെട്ടി ചെരിപ്പിട്ട് വസ്ത്രം പുതച്ച് എന്റെ പിന്നാലെ വരിക എന്നു പറഞ്ഞ് കൽത്തുറുങ്കിൽ നിന്ന് രക്ഷിച്ചു പ്രവർത്തിപ്പാൻ കഴിയാത്ത രാത്രിയിൽ തന്റെ മക്കൾക്ക് വേണ്ടി പ്രവർത്തിക്കുന്ന കർത്താവ്.

ഫിലിപ്പായായിലെ കാരാഗ്രഹത്തിൽ ബന്ധിതരായിരുന്ന പൗലൂസും ശീലാസും അർദ്ധരാത്രിക്ക് ഉണർന്ന് ദൈവത്തെ പാടി സ്തുതിച്ച് പ്രാർത്ഥിച്ചപ്പോൾ ബന്ധനം അഴിഞ്ഞ് സ്വതന്ത്രരായി കാരാഗ്രഹത്തിൽ നിന്ന് ദൈവം അവരെ രക്ഷിച്ചു. തന്റെ ഭക്തന്മാരുടെ പ്രാർത്ഥനകളും സ്തോത്രങ്ങളും അംഗീകരിച്ച് കർത്താവ് പ്രവർത്തിക്കുന്നു. മാനുഷിക ജീവിതത്തിൽ മരണ വക്രത്തിൽ നിന്നും വിടുവിച്ച ദൈവത്തെ – രക്ഷിച്ച കർത്താവിനെ സ്തുതിച്ച് കൊണ്ട് സാക്ഷിജീവിതം നയിക്കുന്ന ധാരാളം സത്യവിശ്വാസികൾ ഇന്നുമുണ്ട്.

വചനത്താലും പരിശുദ്ധാത്മാവിനാലും കഷ്ടത്തിൽ നിന്ന് വിടുവിച്ച് മരണകിടക്കമാറ്റി വിരിച്ച് വിശ്വാസം മാറാതെ സഭയിൽ ഉറച്ച് നിൽക്കുന്ന അനുഭവസ്തരായ അനേക നിത്യസാക്ഷികളും ഒരുപക്ഷെ അധികാരികൾ അവരെ അംഗീകരിക്കുകയില്ലായെങ്കിലും കർത്താവ് അവരെ കരുതി നടത്തുന്നു.

അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും സത്യമല്ലാത്ത പ്രഖ്യാപനങ്ങളുമായി വി. സഭയിൽ നിന്നും അനേകരെ ആകർഷിച്ച് വഴിതെറ്റിക്കുന്ന വഞ്ചകരായ നവീന സഭകൾ ധാരാളമുണ്ട്. ചില വ്യക്തി വിരോധങ്ങളുടെയോ ചിലരുടെ പ്രവർത്തനശൈലികളിൽ കാണുന്ന പിഴവുകളിലൂടെയോ പഴുതുകളിലൂടെ ഇക്കൂട്ടർ അനേകരെ പ്രലോഭിപ്പിച്ച് വലയിൽ വീഴ്ത്തുന്നു. നവീന സഭകളുടെ ഉള്ളിൽ ചെന്നു കഴിഞ്ഞാൽ സംഭാവനകളും ദശാംശവും പിരിച്ച് കൊഴുക്കുന്ന മേലാളന്മാരെ കാണുമ്പോൾ വലയിൽ വീണ വിശ്വാസികൾ വേദനിക്കും. അക്കൂട്ടരുടെ ചതിയിൽപെടാതെ ഏറ്റുപറഞ്ഞ വിശ്വാസത്തിൽ അടിയുറച്ച് നില്ക്കുക. തൽക്കാല സുഖത്തിനോ നേട്ടങ്ങൾക്കോ ഒരു പക്ഷെ ചില ബന്ധങ്ങൾ (മാതാപിതാക്കൾ) ഇല്ലാതാക്കാനോ പോകുന്നവരെ മടങ്ങിവരിക സത്യമായ ക്രിസ്തു നിന്നെ വിളിക്കുന്നു. മടങ്ങി വരിക. നീയെന്തിന് പുറത്ത് നില്ക്കുന്നു. ധൈര്യമായി അകത്ത് വരിക ഇവിടെ നിനക്ക് വീടും നിന്റെ ഒട്ടകത്തിന് കൂടും ഒരുക്കിയിട്ടുണ്ട്. പ്രവർത്തിപ്പാൻ കഴിയാത്ത രാത്രിയിൽ പ്രവർത്തിക്കുന്ന കർത്താവ് ഉണ്ട്. മടങ്ങിവരുക.

## ദുഃഖ്റോനോ



അഭി. ബെന്യാമിൻ ജോസഫ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത
ജൂൺ 17



പരി. യാക്കൂബ് തൃതിയൻ പാത്രിയർക്കീസ് ബാവാ
ജൂൺ 25



വന്ദ്യ ദിവ്യശ്രീ കുറിയാക്കോസ് കോർ എപ്പിസ്കോപ്പ വെട്ടിക്കുന്നേൽ
ജൂൺ 22



വന്ദ്യ ദിവ്യശ്രീ മാത്യൂസ് പി. ഏലിയാസ് കോർഎപ്പിസ്കോപ്പ പഴയിടത്തുവയലിൽ
ജൂൺ 29

# യൂത്ത് അസോസിയേഷൻ അഖില മലങ്കര ക്യാമ്പ് സമാപിച്ചു



*യൂത്ത് അസോസിയേഷൻ അഖില മലങ്കര ക്യാമ്പ് തുരുത്തിപ്ലി വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി പള്ളിയിൽ ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവാ ഉദ്ഘാടനം ചെയ്യുന്നു.*

പരിസ്ഥിതി സംരക്ഷണത്തിനായി യുവജനങ്ങളുടെ കർമ്മശേഷി വിനിയോഗിക്കണമെന്ന് ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ പറഞ്ഞു. ആലുവായിലെ മഹാപരിശുദ്ധനായ വലിയ തിരുമേനിയുടെ പൗരോഹിത്യ ശതാബ്ദിയോടനുബന്ധിച്ച് ഒരു ലക്ഷം വൃക്ഷത്തൈകൾ നടുവാനുള്ള സഭയുടെ ശ്രമത്തിൽ യുവജനങ്ങളുടെ സജീവ പങ്കാളിത്തം ഉണ്ടാകണമെന്ന് ബാവ വ്യക്തിമാക്കി യൂത്ത് അസോസിയേഷന്റെ വാർഷിക ക്യാമ്പ് മെയ് 21,22,23 തീയതികളിൽ തുരുത്തിപ്ലി സെന്റ് മേരീസ് പള്ളിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രേഷ്ഠബാവ. ആഗോള താപനിലയിൽ വരുന്ന വർദ്ധനയും കാലാവസ്ഥയിലെ വ്യതിയാനങ്ങളും മനുഷ്യനും പ്രകൃതിക്കും വിതച്ചുകൊണ്ടിരിക്കുന്ന കെടുതികൾ വലുതാണ് ബാവ ഓർമ്മിപ്പിച്ചു. ഇതിനെ നേരിടുന്നതിന് പരിസ്ഥിതി സംരക്ഷണത്തിന് അതീവ ശ്രദ്ധ ഉണ്ടായേ തീരു ബാവ പറഞ്ഞു. യൂത്ത് അസോസിയേഷൻ പ്രസിഡന്റ് പൗലോസ് മോർ ഐറേനിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. മെത്രാപ്പോലീത്താമാരായ ജോസഫ് മോർ ഗ്രീഗോറിയോസ്, മാത്യൂസ് മോർ ഈവാനിയോസ്, ഐസക് മോർ ഒസ്താത്തിയോസ്, ഗീവർഗീസ് മോർ ബർന്നബാസ് എന്നിവർ അനുഗ്രഹ പ്രഭാഷണങ്ങൾ നടത്തി. മെത്രാപ്പോലീത്തമാരായ കുറിയാക്കോസ് മോർ ക്ലിമ്മീസ്, ഐസക് മോർ ഒസ്താത്തിയോസ്, ഡോ. ബിജു തോട്ടപ്പള്ളി എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. മെയ് 23-ന് നടന്ന വി. കുർബ്ബാനക്കും പെന്തിക്കോസ്തി ശുശ്രൂഷയ്ക്കും പൗലോസ് മോർ ഐറേനിയോസ് മെത്രാപ്പോലീത്ത മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് സമാപന സമ്മേളനം നടന്നു. ക്യാമ്പിന് ജനറൽ സെക്രട്ടറി ബിജു കെ. തമ്പിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി നേതൃത്വം നൽകി.



*സെന്റ് മേരീസ് യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ മണർകാട് ഗവ. എൽ. പി. സ്കൂളിൽ നടത്തിയ പഠനോപകരണ വിതരണം മാമ്മൻ വറുഗീസ് (മലയാളമനോരമ ഉപദേശക സമിതിയംഗം) ഉദ്ഘാടനം ചെയ്യുന്നു. റവ. ഫാ. കുര്യാക്കോസ് കാലായിൽ (പ്രസിഡന്റ്), , ഷെവ. പ്രൊഫ. റ്റി. സി. തോമസ് തണ്ടാശ്ശേരിൽ (ചീഫ് ട്രസ്റ്റി) ഹെഡ്മിസ്ട്രസ് മോളിക്കുട്ടി ടീച്ചർ, അനൂപ് മാത്യു കുരുവിള (യൂത്ത് അസോസിയേഷൻ സെക്രട്ടറി), സാബു മൈലക്കാട്ട് (യൂത്ത് അസോസിയേഷൻ വൈസ് പ്രസിഡന്റ്) തുടങ്ങിയവർ സമീപം.*



*മാലം സെന്റ് മേരീസ് സണ്ടേസ്കൂൾ പ്രസിദ്ധീകരിച്ച സാപ്ലിംഗ്സ് 2010 എന്ന കൈയ്യെഴുത്തു മാസികയിൽ മാസ്റ്റർ റോബിൻ റെജി ചെറിയാൻ (ക്ലാസ്സ് 6) വരച്ച ചിത്രം*

## ജൂൺ 26 മയക്കുമരുന്നു വിരുദ്ധദിനം

# പാൻപരാഗ്, ശംഭു ഉപയോഗം നിർത്തുക

നൈമിഷിക ലഹരിക്കു വേണ്ടി പന്താടാനുള്ളതല്ല ജീവിതമെന്ന് ലോകമയക്കുമരുന്നു വിരുദ്ധദിനം നമ്മെ ഓർമ്മിപ്പിക്കുന്നു. നിങ്ങളുടെ ജീവിതത്തെയും സമൂഹത്തെയും നിയന്ത്രിക്കാൻ മയക്കു മരുന്നിനെ അനുവദിക്കരുതെന്ന സന്ദേശമാണ് ഐക്യരാഷ്ട്ര സഭ ഈ ദിനത്തിൽ നൽകുന്നത്. യുവതലമുറ മയക്കുമരുന്നിന്റെ നീരാളിക്കൈയിലകപ്പെടുന്നതു തടയാൻ സമൂഹത്തിൽ മയക്കുമരുന്നു വ്യാപനം തടയുകതന്നെ വേണമെന്ന് മയക്കു മരുന്നുകളും കുറ്റകൃത്യങ്ങളും സംബന്ധിച്ച ഐക്യരാഷ്ട്ര സഭാ സമിതി വ്യക്തമാക്കുന്നു.

ലോകത്തെങ്ങുമെന്നതുപോലെ ഇന്ത്യയിലും വൻ ഭീഷണിയാണ് മയക്കു മരുന്നു വിപണനം. പശ്ചിമാഫ്രിക്കയിലെ വമ്പൻ കച്ചവടക്കാർ ഇന്ത്യവഴി മയക്കുമരുന്നു കടത്തുന്നതിന് ഏഷ്യൻ വനിതകളെയാണുപയോഗപ്പെടുത്തുന്നതെന്ന് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ മുന്നറിയിപ്പ് നൽകുന്നു. കഞ്ചാവും ഹാഷിഷും ഹെറോയിനുമാണ് ഇന്ത്യയിൽ കൂടുതലായി ഉപയോഗിക്കപ്പെടുന്ന മയക്കു മരുന്നുകൾ. കൊക്കെയ്ന്റെയും കൃത്രിമ മരുന്നുകളായ എക്റ്റസി, ആഡം, ലവ്ഡ്രഗ് എന്നിവയുടെയും പ്രചാരം നഗരങ്ങളിലെ സമ്പന്നരിലൊതുങ്ങുന്നു.

ഇതോടൊപ്പം തന്നെ കേരളത്തിലെ വിദ്യാർത്ഥികളുടെ ഇടയിൽ വർദ്ധിച്ചുവരുന്ന പാൻപരാഗ്, ശംഭൂ തുടങ്ങിയവയുടെ ഉപയോഗം ഇന്ന് ഒരു ഫാഷനായി മാറിയിരിക്കുന്നു. വായിൽ ക്യാൻസർ വരുത്തുന്ന ഇത്തരം സാധനങ്ങളുടെ ഉപയോഗം നിർത്തുന്നതോടൊപ്പം വിൽപ്പനയ്ക്കെതിരെയും പ്രതിഷേധിക്കണം. പാൻപരാഗിന്റെ വിൽപ്പന നിരോധിച്ചിരിക്കുന്നതാണ്. ഇവ വിൽക്കുന്നതുകണ്ടാൽ അധികൃതർക്ക് പരാതി നൽകുവാൻ യുവാക്കൾ മുന്നിട്ടിറങ്ങണം.

കഴിഞ്ഞ വർഷം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി 1,100 കി.ഗ്രാം ഹെറോയിനും 5,000 കിലോഗ്രാം ഹാഷിഷും 2,000 കിലോഗ്രാം കറുപ്പും പിടിച്ചെടുത്തതായി നാർക്കോട്ടിക്ക് കൺട്രോൾ ബ്യൂറോ വെളിപ്പെടുത്തുന്നു. അധികൃതരുടെ കണ്ണുവെട്ടിച്ച് പ്രചരിക്കുന്ന മയക്കുമരുന്നിന്റെ അളവ് അതിലുമെത്രയോ കൂടുതലാണെന്നത് ഭീഷണിയുടെ ആഴം വർദ്ധിപ്പിക്കുന്നു.

ലോകജനസംഖ്യയിൽ മയക്കുമരുന്നുപയോഗിക്കുന്നവരുടെ എണ്ണം 20 കോടി വരുമെന്നാണ് കണക്ക്. മയക്കുമരുന്നുപയോഗം കാരണം ഗുരുതരമായ പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നവരുടെ എണ്ണം രണ്ടരക്കോടിയും. അഫ്ഗാനിസ്താനിലെ കറുപ്പുൽപാദനമാണ് ഇന്ത്യയടക്കമുള്ള ഏഷ്യൻ രാജ്യങ്ങൾക്കു ഭീഷണിയാകുന്നത്. 2008-ൽ 8,000 ടൺ കറുപ്പാണ് അവിടെ ഉൽപ്പാദിപ്പിച്ചത്. ഇതിലൊരു പങ്ക് കടന്നുപോകുന്നത് ഇന്ത്യയിലൂടെയാണ്.

പ്രാണവായുവിനേക്കാൾ പ്രിയം മയക്കുമരുന്നും മറ്റു ലഹരിവസ്തുക്കളുമാണെന്ന് കരുതുന്നവർ ദുരന്തങ്ങൾ അനുഭവിക്കേണ്ടിവരും. കേരളത്തിലെ മദ്യത്തിന്റെ ഉപയോഗം സർവ്വകലാ റെക്കോർഡ് ആകുകയാണ്. നിർഭാഗ്യവശാൽ ക്രിസ്തീയ വിശ്വാസികളും ക്രിസ്ത്യൻ വിശേഷദിനങ്ങളും മദ്യത്തിന്റെ പ്രധാന ഉപഭോഗ ദിനങ്ങൾ ആണ്. ഇന്ന് ഏറ്റവും ലജ്ജാകരവും കാൽവറിയുടെ ഉന്നതങ്ങളിൽ പിടഞ്ഞു മരിച്ച രക്ഷിവാവിനെ വീണ്ടും ജാതികൾക്കിടയിൽ ക്രൂശിക്കുന്നതിനു തുല്യവുമാണിത്. ആകയാൽ മദ്യം, മയക്കുമരുന്നുകളിൽ നിന്നു നാം പിന്മാറണം.



*മണർകാട് തോപ്പിൽ മാത്യു വർഗീസിന്റെയും ഓമനമാത്യുവിന്റെയും മകൻ ജിതിൻ റ്റി. മാത്യുവും വേളൂർ ചിറയിൽ ജേക്കബിന്റെയും സൂസമ്മയുടെയും മകൾ സ്നേഹാ ജേക്കബും മണർകാട് സെന്റ് മേരീസ് കത്തീഡ്രലിൽവെച്ച് വിവാഹിതരായി.*



*വെള്ളൂർ കന്നുകുഴിയിൽ കെ. വി. കുര്യാക്കോസിന്റെയും തങ്കമ്മ കുര്യാക്കോസിന്റെയും മകൻ ജോജിയും തിരുവാർപ്പ് വാഴത്തറ രാജു ജേക്കബിന്റെയും ഏലിയാമ്മ രാജുവിന്റെയും മകൾ സോണിയും മണർകാട് സെന്റ് മേരീസ് കത്തീഡ്രലിൽവെച്ച് അഭിവന്ദ്യ കുര്യാക്കോസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ വിവാഹിതരായി.*



*മണർകാട് പാടത്തറയിൽ കുര്യൻ ജോസഫിന്റെയും സാലി ജോസഫിന്റെയും മകൾ ബിൻസിയും പൊൻകുന്നം പാറയിൽ പി. പി. ബേബിയുടേയും ലീലാമ്മ ബേബിയുടെയും മകൻ ബെന്നിയും പൊൻകുന്നം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽവെച്ച് വിവാഹിതരായി.*

# കപട ആത്മീയതയും ആധുനിക വേർപാട് സമൂഹവും

പുന്നൻ കുര്യൻ ചെല്ലിമറ്റം
(യൂത്ത് അസോസിയേഷൻ മുൻ സെക്രട്ടറി-1968)

ദിവസമെന്നോണം പെരുകി കൊണ്ടിരിക്കുന്ന പുതിയ വേർപാട് സഭകളും അവയുടെ നായകത്വം വഹിക്കുന്ന പുതിയ ആൾദൈവങ്ങളും ആധുനീക വാർത്താ മീഡിയകളിലൂടെ നടത്തി വരുന്ന പ്രഭാഷണങ്ങളും, അത്ഭുതരോഗശാന്തികളും, പരിശുദ്ധാത്മാവിന്റെ പേരിൽ നടത്തിവരുന്ന തുള്ളലുകളും, നാം നിത്യേന കണ്ടും കേട്ടും കൊണ്ടിരിയ്ക്കുകയാണ്. വി. വേദപുസ്തകത്തിലെ അന്ത്യകാല സംഭവങ്ങളുടെ മറവിൽ ഈ നടത്തുന്ന പ്രകടനങ്ങൾ പരിശുദ്ധാത്മാ പ്രേരിതമാണോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. വാളെടുക്കുന്നവൻ എല്ലാം വെളിച്ചപ്പാട് എന്നു പറയുന്നതുപോലെ, വാക്സാമർത്ഥ്യമുള്ള ഒരുവൻ വി. വേദപുസ്തകം കൈയ്യിലെടുത്താൽ കൂട്ടത്തിൽ രണ്ടുപേരും കൂടി ഉണ്ടെങ്കിൽ ഒരു പുതിയ സഭ സംജാതമായി. യേശു ഒരിക്കൽ പറഞ്ഞു. നിനക്ക് രണ്ടു യജമാനന്മാരെ സേവിക്കാൻ കഴിയുകയില്ല. ദൈവത്തേയും മാമോനേയും ഒരു പോലെ സ്നേഹിക്കാൻ കഴിയുകയില്ല. ഇതിന്റെ ഏതു യജമാനനെയാണ് ഇപ്രകാരമുള്ള സഭകൾ സ്നേഹിക്കുന്നതെന്ന് നമുക്ക് ഒന്നും ചരിത്രാവലോകനത്തിലൂടെ പരിശോധിക്കാം.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശകത്തിൽ അമേരിക്കയിൽ ഒരു മദാമ്മ പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോൾ ലഭിച്ച ദർശനമാണ് പെന്തക്കോസ്തു സഭകളുടെ ആരംഭകാരണം. ആദിമസഭയുടെ തനിമ നിലനിർത്തുക എന്നതായിരുന്നു ദർശനം. പെന്തക്കോസ്തു വിശ്വാസത്തിൽ വിഗ്രഹാരാധന, പരിശുദ്ധന്മാരോടുള്ള അപേക്ഷ, മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന, കന്യാകമറിയാമിനോടുള്ള അപേക്ഷ ഇവയ്ക്കൊന്നും സ്ഥാനമില്ല. ദൈവത്തോടു നേരിട്ടുള്ള സംഭാഷണമാണ് അവരുടെ പ്രാർത്ഥന. ആദിമ സഭയുടെ കൂട്ടായ്മയാണ് ഇവർക്കുള്ളത്. പള്ളിയില്ല, പട്ടക്കാർ ഇല്ല, വി. കുർബ്ബാന ഇല്ല, ഉള്ളതെല്ലാം ആദിമസഭയുടെതെന്ന് അവർ പറയുന്നു. ശരിയാണ് കൂട്ടായ്മ ഒക്കെ ആദിമസഭയുടെ പോലെ. അതിലെ പ്രധാനപ്പെട്ട ഒരു കാര്യം ഇന്നുള്ള അവരുടെ കൂട്ടായ്മയുടെ പുറത്താണ്.. ആദിമസഭയിൽ എല്ലാവരും ഒരു പോലെയായിരുന്നു. പാവപ്പെട്ടവരും പണക്കാരും ഇല്ല. വിദ്യാഭ്യാസമുള്ളവനും, ഇല്ലാത്തവനും ഒരുപോലെ വിശ്വസിച്ചിരുന്നവർ എല്ലാവരും ഒരുമിച്ചിരുന്ന് സകലവും പൊതുവെന്ന് എന്നു എണ്ണുകയും, ജന്മ ഭൂമികളും വസ്തുക്കളും വിറ്റുവരവിന് ആവശ്യം ഉള്ളതുപോലെ എല്ലാവർക്കും പങ്കിടുകയും ഒരു മനപ്പെട്ട് ദിനംപ്രതി ദൈവാലയത്തിൽ കൂടിവരുകയും വീട്ടിൽ അപ്പം നുറുക്കിക്കൊണ്ട് ഉല്ലാസവും ഹൃദയപരമാർത്ഥതയും പൂണ്ട് ഭക്ഷണം കഴിക്കുകയും ദൈവത്തെ സ്തുതിക്കുകയും സകലജനത്തിന്റെ കൃപ അനുഭവിക്കുകയും ചെയ്തു. (അപ്പോ. പ്രവ. 2:43-47) ഇതാണ് ആദിമസഭയുടെ കൂട്ടായ്മ. പക്ഷെ ഇന്നോ?

ഇൻഡ്യയിൽ പെന്തക്കോസ്തു പ്രസ്ഥാനത്തിന് തുടക്കമിട്ടത് വിദേശികളാണ്. കുക്ക് സായ്പിന്റെ നേതൃത്വത്തിൽ ചർച്ച് ഓഫ് ഗോഡ് സ്ഥാപിതമായി. പുനലൂരിൽ മേരി ചാപ്പ്മാൻ അസംബ്ലീസ് ഓഫ് ഗോഡ് രൂപീകരിച്ചു. ഈ സഭകൾ വിദേശ ഭരണത്തിൽ കീഴിലായതുകൊണ്ട് വിദേശാധിപത്യത്തെ നിഷേധിച്ചു കൊണ്ട് ആദ്യമായി പെന്തക്കോസ്തു സഭകളിൽ പിളർപ്പ് ഉണ്ടായി. ഒരു സുറിയാനിക്കാരനായിരുന്ന കെ.ഇ. ഏബ്രഹാമിന്റെ നേതൃത്വത്തിൽ പി.എം. സാമുവേൽ, പി.എം. ഫിലിപ്പ് തുടങ്ങിയവരുടെ സഹകരണത്തോടുകൂടി 1930 ൽ ഇൻഡ്യൻ പെന്തക്കോസ്തു സഭ (ഐ.പി.സി.) രൂപീകൃതമായി. ഇതിന് മുൻപ് സിലോൺ പെന്തക്കോസ്തു എന്ന തീവ്രവിശ്വാസ പെന്തക്കോസ്തും ഇവിടെ ഉണ്ടായിരുന്നു. സിലോൺ പെന്തക്കോസ്തു ഇന്ന് ദി പെന്തക്കോസ്തു മിഷൻ (റ്റി.പി.എം.) എന്നറിയപ്പെടുന്നു. വളരും തോറും പിളരുകയും പിളരും തോറും വളരുകയും ചെയ്ത പെന്തക്കോസ്തു വേർപാട് സഭകൾ ഇന്ന് എണ്ണിയാൽ തീരാത്ത വണ്ണം വ്യാപിച്ചിരിക്കുന്നു. വി. വേദപുസ്തകവും രണ്ടാളും ചേർന്നാൽ ഒരു സഭയായി.

ബ്രിട്ടീഷുകാരുടെ വരവോടുകൂടി മതപ്രചാരണം ഇൻഡ്യയിൽ സജീവമായി. സുറിയാനി ആരാധനനാക്രമങ്ങളെ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. സുറിയാനി ബൈബിൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. മതപ്രചാരണത്തിന് ശക്തികൂട്ടി. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ വിദ്യാസമ്പന്നരായിരുന്ന സുറിയാനിക്കാരെ ജോലികൊടുത്തും പണം കൊടുത്തും പ്രലോഭിപ്പിച്ച് ആംഗ്ലിക്കൻ സഭയിൽ ചേർത്തു. തിരുവിതാംകൂറിലെ പ്രശസ്തമായ പല സുറിയാനി കുടുംബങ്ങളും ആഗ്ലിക്കൻ സഭയിലായി. വിദ്യാസമ്പന്നരായ ആളുകളെ കൂടെ കൂട്ടി ഇംഗ്ലീഷ് മിഷനറിമാർ കേരളത്തിന്റെ കിഴക്കും, തെക്കും, കന്യാകുമാരി ജില്ലകളിലുമുള്ള ദളിത് വർഗ്ഗക്കാരെയും ഗിരിവർഗ്ഗക്കാരെയും നാടാർ സമുദായക്കാരെയും ക്രിസ്തുമതത്തിൽ ആംഗ്ലിക്കൻ സഭകളിൽ ചേർത്തു. ഇതിന് സഭ മാറ്റിയെടുത്ത സുറിയാനിക്കാരുടെ പങ്ക് വളരെ വലുതായിരുന്നു. പക്ഷെ ഇവ ആംഗ്ലിക്കൻ സഭയിൽ ചേർത്ത പല ദളിത് വർഗ്ഗക്കാരും അധഃസ്ഥിതരും. പെന്തക്കോസ്തു സഭകൾ രൂപം കൊണ്ടപ്പോൾ അതിൽ ചേർന്നു. ആംഗ്ലിക്കൻ സഭ വളർത്താൻ ബ്രിട്ടീഷുകാർ അഴിച്ചുവിട്ട നവീകരണ പ്രക്രിയ ചെന്നവസാനിച്ചത് വേർപാട് സഭകളിൽ ആയിരുന്നു.

ഏകദേശം പത്തറുപത് കൊല്ലങ്ങൾക്ക് ഉള്ളിൽ 1945-50 കാലഘട്ടങ്ങളിൽ കേരളത്തിൽ പല കവലകളിൽ നിന്നു സുവിശേഷം പ്രസംഗിക്കുകയും ലഘുലേഖകൾ വീടുകളിൽ വിതരണം ചെയ്യുകയും ചെയ്തിരുന്ന ദളിത് വർഗ്ഗക്കാരായ ആളുകളും ഉപദേശിമാരും നിത്യകാഴ്ചകളായിരുന്നു. കേരളത്തിലെ പെന്തക്കോസ്തു സഭകളിൽ മിക്കവരും അധഃകൃതരായ ആളുകൾ ആയിരുന്നു അന്നുണ്ടായിരുന്നത്. സഭ വളർത്താൻ അവർ വളരെയേറെ ത്യാഗങ്ങൾ സഹിച്ചു. മറ്റുള്ള സഭകളിലെ ആളുകളുടെ പരിഹാസവും, ചിലയിടങ്ങളിൽ ഉണ്ടായ ഉപദ്രവങ്ങളും സഹിച്ചു. അവർ സുവിശേഷപ്രഭാഷണം നടത്തി. സഭകളുടെ നായകന്മാരായ അതീവ ധനാഢ്യരായ യൂറോപ്പിലും, അമേരിക്കയിലുമുള്ള സായിപ്പുമാരും മദാമ്മമാരും ഇവിടെയെത്തി, പണവും പ്രോത്സാഹനവും നൽകി മേൽപ്പറഞ്ഞ ശുശ്രൂഷക്കാരെ സഹായിച്ചു. കൂടാതെ വിദേശ രാജ്യങ്ങൾ സന്ദർശിക്കുവാനും, അവിടെ സഭായോഗങ്ങൾ വിളിച്ചുകൂട്ടി പണം സമ്പാദിക്കുവാനുള്ള വേദിയും ഒരുക്കി. വളരെ പാവപ്പെട്ടവരായി ദളിത് വർഗ്ഗക്കാരും, നടാന്മാരും, വിരലിലെണ്ണാവുന്ന മേലാളന്മാരും, പണക്കാരായി മാറി. വിശ്വാസത്തെ രണ്ടാം സ്ഥാനത്തേക്കു തള്ളികൊണ്ട് രണ്ടാം യജമാനന്റെ (മാമോന്) അടിമകളായി. ഈ സാഹചര്യം മുതലാക്കി പല വരേണ്യവർഗ്ഗക്കാരും യാതൊരു ചിലവും ഇല്ലാത്ത നാവ് കൊണ്ട് വിശ്വാസം ഏറ്റുപറയുകയും, എവിടെയെങ്കിലും പോയി വെള്ളത്തിൽ കുളിച്ചു സ്നാനം ഏറ്റ് സഭകളിൽ അംഗത്വം നേടി. വാക്സാമർത്ഥ്യമുള്ളവർ ആദ്യവും മറ്റുള്ളവർ പിന്നാലെയുമായി അധഃസ്ഥിതരെ പിന്തള്ളി. പാസ്റ്ററന്മാരും ഓവർസീയർമാരും സഭാ നേതാക്കന്മാരായി. സഭാ സേവനാർത്ഥം ആണ്ടിൽ നാലഞ്ചു പ്രാവശ്യം വിദേശയാത്ര നടത്തി., സ്വരൂപിച്ച പണവുമായി നാട്ടിൽ എത്തി റബ്ബർ തോട്ടങ്ങളും കൃഷിയിടങ്ങളും വാങ്ങി കൂറ്റൻ വീടുകൾ നിർമ്മിച്ചു ആഡംബരസമേതം ജീവിക്കാനുള്ള മാർഗ്ഗം കൈവരിച്ചു. വേറെ ചിലർ സ്വന്തം വീടും മറന്നു സാത്താന്റെ തിരുമുറ്റം എന്നു പറയപ്പെടുന്ന അമേരിക്ക പോലുള്ള രാജ്യങ്ങളിൽ ചേക്കേറി. യേശുവിന്റെ വിശ്വത്തിന് മുകളിലൂടെ മാമോന്റെ പരുന്ത് പറക്കുന്ന കാഴ്ചയാണ് നാം ഇപ്പോൾ പുതിയ വ്യക്തി സഭകളിലൂടെയും ആൾദൈവങ്ങളിലൂടെയും കാണുന്നത്. അതെപ്പറ്റി പിന്നീട് എഴുതാം.

പാസ്റ്റർ കെ.ഇ. ഏബ്രഹാമും കൂട്ടാളികളും ചേർന്ന് ഐ.പി.സിക്ക് രൂപം കൊടുക്കുമ്പോൾ പറഞ്ഞിരുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം. എപ്പിസ്കോപ്പൽ സഭകൾ വേദാനുസരണമല്ലാത്ത വിശ്വാസങ്ങൾ പാലിക്കുന്നു. ആദിമസഭയുടെ പ്രസക്തി നഷ്ടപ്പെടുത്തുന്നു, സഭകളിൽ കേസും വഴക്കും നിത്യസംഭവങ്ങളാകുന്നു, വിശ്വാസം നശിക്കുന്നു,ഇടയന്മാർ സുഖസമൃദ്ധിയെ ഇഷ്ടപ്പെടുന്നു, തുടങ്ങി വേദാനുസാരമല്ലാത്ത പ്രവർത്തികൾ മൂലം പരിശുദ്ധാത്മാവിന്റെ പ്രവർത്തനം നടക്കുന്നില്ല. ഇതിൽ നിന്നും ദൈവത്തിന്റെ സഭയെ ഉദ്ധരിക്കുവാനുള്ള പരിശുദ്ധാത്മാവിന്റെ ആഹ്വാനം കൈകൊണ്ടാണ് പുതിയ പെന്തക്കോസ്ത് സഭയ്ക്ക് രൂപം കൊടുത്തതെന്ന് ഇതിന്റെ സംഘാടകർ അവകാശപ്പെടുന്നു. സഭ മാറി പുതുവിശ്വാസത്തിലേക്ക് ചേക്കേറിയ പഴയ സുറിയാനിക്കാർ ചെയ്തതോ. സഭയുടെ പോക്കിൽ മനംനൊന്തു പ്രാർത്ഥിച്ചപ്പോൾ കിട്ടിയ ദൈവവിളിയുടെ ഫലമായി തങ്ങൾ ജനിച്ച സഭവിട്ട് വേർപാടു സഭകളിലേക്ക് മാറി. പുതുസൃഷ്ടിയായ്, ജ്ഞാനസ്നാനം സ്വീകരിച്ചു, ചിലർ സ്വന്തം പേരു പോലും മാറ്റി പുതിയ സഭകളിലെ സജീവാംഗങ്ങളായി. ഇവർ ചെന്ന സഭയിലും വഴക്കും കേസ്സും ഭിന്നിപ്പും ഉണ്ടാക്കി ഇവരുടെ പഴയ പാരമ്പര്യത്തിന് അടിവരകളും വലിവ് എന്ന രോഗത്തിന്റെ മൂർദ്ധന്യത്തിൽ തണുപ്പു രാജ്യമായ അമേരിക്കയിലെ ഫിലദർഫിയ എന്ന സ്ഥലത്ത് മണിക്കൂറുകൾ പ്രസംഗിച്ചു സ്വരൂപിച്ച രൂപാ കൊണ്ട് വാങ്ങിയ കോട്ടയം കഞ്ഞിക്കുഴിയിലെ ഫിലദർഫിയ ഹാളിൽ താൻ തിരിച്ചെത്തിയപ്പോൾ ഒരു കോടതി ഉത്തരവ് പ്രകാരം കോട്ടയത്തെ ചില പാസ്റ്ററന്മാരും വിശ്വാസികളും ഫിലദൽഫിയയുടെ വാതിലുകൾ കൊട്ടിയടച്ച സംഭവം പാസ്റ്റർ കെ.ഇ. ഏബ്രഹാം തന്റെ ആത്മകഥയിൽ വിവരിക്കുന്നു. ഇന്ന് ഏറ്റവും കൂടുതൽ കേസ്സും, വഴക്കും, ഭിന്നിപ്പും ഉള്ളത് വേർപാട് സഭകളിലാണ്. ഇത് ഏത് ആത്മാവിന്റെ പ്രവർത്തനമാണ്. നിരപ്പിന്റേയും സമാധാനത്തിന്റേയും ആത്മാവ് അവിടെ ഉണ്ടോ?. ഇത് എഴുതുവാൻ കാരണം. എപ്പിസ്കോപ്പൽ സഭകളിൽ നിന്നും പ്രത്യേകിച്ചു സുറിയാനി സഭയിൽ നിന്നും പെന്തക്കോസ്തു സഭകളിലേക്ക് ആളുകൾ വരുന്നത്. സഭകളിലെ വഴക്കും കേസ്സുകളും കാരണം കൊണ്ടാണ് എന്നും അപ്പോൾ വിശ്വാസത്തിന്റെ പേരിൽ പോയതു വളരെ ചുരുക്കം. ഏതു പെന്തക്കോസ്തു വിശ്വാസമാണിത് നല്ലത് എന്നു നോക്കണമെങ്കിൽ ചുരുങ്ങിയത് വേർപാട് വിശ്വാസം ഒന്നാണെങ്കിൽ പിന്നെ എങ്ങനെയുണ്ടായി ആയിരത്തിന്മേൽ പെന്തക്കോസ്തു സഭകൾ. 19-ാം നൂറ്റാണ്ടിന്റെ അവസാന ശതകങ്ങളിൽ ഉണ്ടായില്ല, 21 നൂറ്റാണ്ടിന്റെ ആരംഭമായപ്പോഴേക്കും ആയിരക്കണക്കിന് പെന്തക്കോസ്തു സഭകൾ ഉണ്ടായത് ഏത് ആത്മാവിന്റെ പ്രവർത്തനം മൂലമാണ്. ഇതെല്ലാം മാമോന്റെ ഈറ്റില്ലമായ അമേരിക്കൻ ഡോളറിന്റെ ശക്തി. ഡോളറിന്റെ ഒഴുക്ക് ഇവിടെ നിലച്ചാൽ ഈ പുതിയ സഭകളുടെ ഉത്ഭവവും തീരും.

കുറെ വർഷങ്ങൾക്ക് മുൻപ് ഒരു പെന്തക്കോസ്തു സഹോദരൻ തന്റെ സഭയുടെ പോക്കിനെപ്പറ്റി വചനപോഷിണി എന്ന വാരികയിൽ എഴുതിയ ലേഖനത്തിന്റെ പ്രസക്തഭാഗങ്ങൾ.

അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും വലിച്ചെറിഞ്ഞ സമൂഹമാണ് പെന്തക്കോസ്തു സഭകൾ. അതിന്റെ നിർമ്മലത പ്രഖ്യാപിക്കുവാൻ എപ്പിസ്ക്കോപ്പൽ സഭയുടെ ദൂഷ്യങ്ങളെ വിമർശിച്ചു. അതിൽ നിന്നും വേർപെട്ടതാണ് ഈ നവീകരണ സഭകൾ. വഴക്കുകൾ, കോടതികൾ, കക്ഷിവൈരാഗ്യങ്ങൾ, തിരഞ്ഞെടുപ്പു ബഹളങ്ങൾ തുടങ്ങിയവയെ വിമർശിച്ച് ഈ പുതിസഭയിൽ മേൽപ്പറഞ്ഞ ദൂഷ്യങ്ങൾ എല്ലാം ഇപ്പോൾ കുടിയേറിയിരി

(ശേഷം പേജ് 7-ൽ)

# കൊടിമരത്തിന് ശിലാസ്ഥാപനം നടത്തി

മണർകാട്: മണർകാട് വിശുദ്ധ മർത്തമറിയം യാക്കോബായ സുറിയാനി കത്തീഡ്രലിൽ (കരോട്ടെ പള്ളിയിൽ) പുനർനിർമ്മാണം നടത്തപ്പെടുന്ന കൊടിമരത്തിന് ശിലാസ്ഥാപനം നടത്തി. വൈദീകർ, മാനേജിംഗ് കമ്മറ്റിയംഗങ്ങൾ, വിശ്വാസികൾ തുടങ്ങിയവർ പങ്കെടുത്ത ചടങ്ങിൽ വികാരി വന്ദ്യദിവ്യശ്രീ. ഇ. ടി. കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ ഇട്യാടത്ത് ശിലാസ്ഥാപനം നിർവ്വഹിച്ചു.

കാഞ്ചന കവചിത കൊടിമരത്തിന്റെ നിർമ്മാണം സെപ്റ്റംബർ പെരുന്നാളിന് മുൻപ് പൂർത്തീകരിക്കാനാകുമെന്ന് ഭാരവാഹികൾ പറഞ്ഞു.

**ജോലിക്കാരെ ആവശ്യമുണ്ട്** മണർകാട് കവലയ്ക്കു സമീപം പ്രവർത്തക്കുന്ന റബർ ഫാക്ടറിയിലേക്ക് വനിതാ ജീവനക്കാരെ ആവശ്യമുണ്ട്. ഫോൺ: 0481-2370925, 9747400599

# കോയമ്പത്തൂർ സെന്റ് മേരീസ് പള്ളി നിർമ്മാണം പുരോഗമിക്കുന്നു

യാക്കോബായ സഭാമക്കളുടെ ദീർഘകാലത്തെ ആഗ്രഹത്തിന് പൂർത്തീകരണമായി. മൈലാപ്പൂർ ഭദ്രാസനത്തിൽ കോയമ്പത്തൂർ പണിയുന്ന സെന്റ് മേരീസ് പള്ളിയുടെ നിർമ്മാണം അവസാനിക്കുന്നതോടെ കോയമ്പത്തൂർ നഗരത്തിൽ യാക്കോബായ സുറിയാനി സഭയ്ക്ക് ഒരു ദൈവാലയം ഉണ്ടാവുകയാണ്. 80 ഇടവക്കാരുള്ള ഈ ദൈവാലയം കോയമ്പത്തൂർ നഗരത്തിന്റെ മദ്ധ്യഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. 2010 ജനുവരി 6-ന് ഇടുക്കി ഭദ്രാസനാധിപൻ ഡോ. കുറിയാക്കോസ് മോർ ക്ലീമ്മീസ് മെത്രാപ്പോലീത്ത നിർമ്മാണ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ ദിവസം ഇടവക മെത്രാപ്പോലീത്ത ഐസക് മോർ ഒസ്താത്തിയോസ് പള്ളി സന്ദർശിച്ച് സ്തുത്യർഹമായ രീതിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതായി വിലയിരുത്തി. ഇടവക വികാരി ഫാ. മാത്യു മണലേൽച്ചിറയുടെ നേതൃത്വത്തിലുള്ള കമ്മറ്റി നിർമ്മാണ പൂർത്തീകരണത്തിനുള്ള അശ്രാന്ത പരിശ്രമത്തിലാണ്. വിശ്വാസ സമൂഹത്തിന്റെ പ്രാർത്ഥനാപൂർവ്വമായ സഹായ സഹകരണങ്ങൾ നിർമാണ കമ്മറ്റി ക്ഷണിച്ചുകൊള്ളുന്നു.

# കപട ആത്മീയതയും ആധുനിക വേർപാട് സമൂഹവും

(പേജ് 6-ൽ നിന്നും തുടർച്ച)

ക്കുന്നു. പുതിയ സഭയിൽ കുടിയേറിയിരിക്കുന്നവരിൽ ഭൂരിഭാഗത്തിനും വിശ്വാസസത്യങ്ങൾ ഇന്നും അജ്ഞാതമാണ്. ഇത് മാറ്റിയെടുക്കുവാൻ പെന്തക്കോസ്തു സഭാ ശുശ്രൂഷകർക്ക് ഇപ്പോൾ നേരമില്ല. അവർ ഇപ്പോൾ കല്യാണബ്രോക്കറന്മാരായും വസ്തു കച്ചവടക്കാരായും, വണ്ടികച്ചവടക്കാരായും ഓടി നടക്കുന്നു. തങ്ങളോ പ്രാർത്ഥനയിലും, വചനശുശ്രൂഷയിലും ഉറ്റിരിക്കും. എന്നു പറഞ്ഞ അപ്പോസ്തലന്മാരുടെ ഈ പിൻഗാമികൾ ഇപ്പോൾ മാമോന്റെ പാദസേവകന്മാരായിരിക്കുകയാണ്. അച്ചന്മാരേയും മെത്രാച്ചന്മാരേയും ആക്ഷേപിച്ചു പറഞ്ഞവർ ആ ആക്ഷേപം ഇപ്പോൾ തങ്ങളിലേക്ക് തിരിഞ്ഞു വരുന്നത് വിധിയുടെ ഒരു വിളയാട്ടമാണ്. ആദ്യകാല പെന്തക്കോസ്തുകാർ എപ്പിസ്ക്കോപ്പസിയോടുള്ള എതിർ ചിന്തയിൽ വേദപുസ്തക ബന്ധമില്ലാത്ത ചില ഉപദേശങ്ങൾ രംഗത്തു കൊണ്ടുവന്നു. വേർപാടും, മാനസാന്തരവും ഉപരിവിപ്ലവങ്ങളായ അഭിനയങ്ങളാക്കി. അന്നു മാനസാന്തരത്തിന്റെ തെളിവായി ക്ലീൻഷേവും, വെള്ളവസ്ത്രവും മുദ്രയടിക്കപ്പെട്ടു,. അന്ന് അത് മാത്രം ധരിച്ചിരുന്നവർ ഇന്ന് താടിയും മീശയും വച്ച പാസ്റ്ററന്മാരും, വിശ്വാസികളുമായ് പളാപളാ മിന്നുന്ന വിവിധകളറിലും ഡിസൈനിലുമുള്ള വസ്ത്രങ്ങൾ ധരിച്ചെത്തുന്നു. ആന്തരീക വിശുദ്ധിയേക്കാൾ ബാഹ്യവിശുദ്ധിക്ക് ഊന്നൽ നൽകി ദൈവത്തെക്കാൾ ഉപരി സമൂഹത്തെ ഭയപ്പെട്ടു. അന്ന് ആഭരണത്തെ എതിർത്തവർ ഇന്ന് സ്വന്തമായി ആഭരണകടകൾ നടത്തി വിശ്വാസികളിൽ ആഭരണഭ്രമത്തെ അടിച്ചേൽപിക്കുന്നു. അന്നത്തെ പെന്തക്കോസ്തു പിതാക്കന്മാർ വിശുദ്ധ ജീവിതത്തിന് തടസ്സമായിക്കണ്ട വെറ്റില മുറുക്ക് നിരോധിക്കുവാനായി വെറ്റിലക്കൊടികളും കമുക് മരങ്ങളും വെട്ടിക്കളഞ്ഞു. അമ്മച്ചിമാർ കെട്ടുതാലി പൊട്ടിച്ചെറിഞ്ഞു ആഭരണനിഷേധം കാട്ടിയപ്പോൾ അവരുടെ പിൻതലമുറ സർവ്വാഭരണ വിഭൂഷിതരായി നാട്ടിലും, വിദേശരാജ്യങ്ങളിലും ആഡംബരജീവിതം നയിക്കുന്നു.

അന്നു പെന്തക്കോസ്തുകാർ കൂടുതൽ എതിർത്തത് മരുന്നിനെയായിരുന്നു. മരുന്ന് ഉപയോഗിക്കുന്നവർക്ക് അക്കാലത്ത് ചില പെന്തക്കോസ്തുസഭകളിൽ കർത്തൃമേശ പോലും നിഷേധിക്കപ്പെട്ടു. ചികിൽസ കിട്ടാതെ എത്രയോ പേർ മരിച്ചു. കുറെനാൾ മുൻപു വരെ പാവപ്പെട്ടവരായിരുന്ന പെന്തക്കോസ്തുകുടുംബങ്ങൾ ഇന്നു ധനാഢ്യരായി തീർന്നത് അവരുടെ വീടുകളിൽ നിന്നും വിദേശരാജ്യങ്ങളിൽ ജോലിക്ക് പോയിരുന്ന നേഴ്സന്മാരെയും ഡോക്ടറന്മാരെയും കൊണ്ടാണ്. വൈദ്യശാസ്ത്രത്തെ അന്ധമായി പുച്ഛിച്ചു തള്ളിയവർ ഇന്ന് സ്വന്തമായി ആശുപത്രികൾ നടത്തുന്നു. ഇക്കാലത്ത് അവരുടെ മൂന്നാം തലമുറയ്ക്ക് മെഡിസിന് അഡ്മിഷൻ കിട്ടാൻ ദൈവദാസന്മാരായ പിതാക്കന്മാർ കൈക്കൂലിയുമായി ഓടി നടക്കുന്നു. ആദ്യകാലത്ത് കേസ്സും വഴക്കും ഒക്കെ പറഞ്ഞു തീർത്തവർ ഇന്ന് കോടതി വരാന്തകളിൽ നിന്നു നേരം വൈകിക്കുന്നു.

വീടുകളിലും, ചെറിയ മുറികളിലും ആരാധന നടത്തിയവർ, എപ്പിസ്കോപ്പൽ സഭകളുടെ വലിയ പള്ളികളെയും കത്തീഡ്രലുകളെയും വിമർശിച്ചവർ ഇന്ന് പള്ളികളെക്കാൾ വിപുലവും ആഡംബരപൂർണ്ണവുമായ സഭാഹാളുകൾ നിർമ്മിച്ചതുടങ്ങി. അൾത്താര പോലെ തിരുവത്താഴ മേശയിട്ടു ഭംഗിയായി പൂക്കൾ വിരിച്ച് ആരാധന നടത്തുന്നു. ഇനി മുഖവാരങ്ങൾ ഉണ്ടാക്കി കുരിശു വെക്കുന്ന കാലം വിദൂരമല്ല. (ഇത് ഞാൻ എഴുതിക്കൊണ്ടിരിക്കുന്ന സമയത്ത് യാദൃശ്ചികമായി അസംബ്ലീസ് ഓഫ് ഗോഡിന്റെ ഒരു വാരിക ഏപ്രിൽ മാസത്തിലെ ഒരു ലക്കം കാണുവാൻ ഇടയായി. ആ വാരികയുടെ മുൻവശത്ത് ഒരു വലിയ ഹാളിന്റെ ഫോട്ടോ കണ്ട് മനോഹരമായ ആ ഹാളിന്റെ മുകൾഭാഗത്ത് ഇടത്ത് (മുഖവാരം അല്ല) സൈഡിൽ ആയി പള്ളികളുടെ പോലെ ഒരു വലിയ കുരിശ് പതിപ്പിച്ചിരിക്കുന്നു. ആ ഹാളിന്റെ പ്രതിഷ്ഠാ കർമ്മത്തിന്റെ വാർത്തയും കൊടുത്തിരുന്നു.)

ഞായറാഴ്ച വിശുദ്ധ ദിവസമായി കരുതി പ്രാർത്ഥനയും ഉപവാസവും ദൈവീക കൂട്ടായ്മയുമായി കഴിഞ്ഞിരുന്ന പെന്തക്കോസ്തു വിഭാഗങ്ങൾ ഇന്ന് ഞായറാഴ്ച എങ്ങനെ ആചരിക്കുന്നു. ഒരു വിശുദ്ധ കർമ്മമായ കല്യാണത്തിന് ആ ദിവസം അവർക്ക് നിഷിദ്ധമാണ്. ഞായറാഴ്ച കല്യാണത്തിന് അവർ പോവുകയില്ല. ഒരു എൻട്രൻസ് കോച്ചിങ്ങിന് ഞായറാഴ്ച രാവിലെ തന്നെ അവരുടെ കുട്ടികൾ പോരും. ട്യൂഷന് ഞായറാഴ്ച കുഴപ്പമില്ല. ഇന്റർവ്യൂവിന് പോകാൻ ഞായറാഴ്ച തടസ്സമില്ല. ഒരിക്കലും ഞായറാഴ്ച ആരാധന മുടക്കുകയില്ലെന്ന് പറയുന്നവർ തങ്ങളുടെ കുട്ടികളുടെ ഭാവിക്കുവേണ്ടി ആരാധനകൾ കൈവെടിയുന്നു. പരീക്ഷക്ക് കുട്ടികളോടൊപ്പം സഭായോഗങ്ങൾ വെടിഞ്ഞു മാതാപിതാക്കൾ പോകുന്നു. ആത്മീയ താലന്തു ശേഖരണം നിർത്തി ഭൗതീക നേട്ടത്തിന് വേണ്ടി കുടുംബം മുഴുവനായി അലയുന്നു. ജാതികളുടെ ആചാരമെന്ന് പറഞ്ഞു തള്ളിക്കളയുന്ന പല ആചാരങ്ങളെയും പുറംവാതിലിൽ കൂടി കടത്തി ആചരിക്കുന്നു. ഗൃഹപ്രവേശനത്തിനും കല്യാണ ഇറക്കത്തിനും ഇവർ ആരും അറിയാതെ സൂത്രത്തിൽ രാഹുകാലം നോക്കുന്നു. ഒന്നുകിൽ ആശാരി വന്നില്ല, പ്രധാന ബന്ധുജനങ്ങൾ വന്നില്ല, അല്ലെങ്കിൽ ആഹാരം ശരിയായില്ല, വാഹനം വന്നില്ല എന്നൊക്കെ പറഞ്ഞ് മറ്റുള്ളവരുടെ കണ്ണിൽ പൊടിയിട്ടു രാഹുകാലം കഴിയുന്നതുവരെ കാത്തിരിക്കുന്നു. ഗൃഹപ്രവേശനത്തിന് പാലു തിളച്ചുതൂകണം, വരന്റെ വീട്ടിൽ വലതുകാൽ വച്ച് കയറണം തുടങ്ങി ജാതികളുടെ പ്രമാണം മിക്ക വേർപാടുകാരും പാലിക്കുന്നു. ലാളിത്യത്തിന്റെ നിറകുടമെന്നു വിശേഷിപ്പിക്കുന്നവർ, വരനെയും വധുവിനെയും സിനിമാ സ്റ്റൈലിൽ ബ്യൂട്ടിപാർലറുകളിൽ വിട്ടു ഒരുക്കി കൈയ്യിൽ പൂച്ചെണ്ടും കൊടുത്തുവിടുന്നു. പണ്ട് ശുഭ്രവസ്ത്രധാരികളായി കൈയ്യിൽ വി. വേദപുസ്തകം വഹിച്ചിരുന്നവർ ഇന്ന് മനോഹരമായ പൂച്ചെണ്ട് സ്വീകരിച്ചു. കൊച്ചുമാലാഖമാരോടൊത്തു കല്യാണ മണ്ഡപത്തിൽ പ്രവേശിക്കുന്നു. ഇന്ന് ഏറ്റവും കൂടുതൽ വിവാഹമോചനം നടക്കുന്നത് പെന്തക്കോസ്തു സഭകളിലാണ്. ഞായറാഴ്ചത്തെ ദിനപത്രങ്ങളിലുള്ള വിവാഹപരസ്യങ്ങൾ വായിച്ചാൽ തന്റേതല്ലാത്ത കാരണത്താൽ വിവാഹമോചനം നേടിയ പെന്തക്കോസ്തു യുവാവ് അല്ലെങ്കിൽ യുവതി എന്നു ധാരാളം പരസ്യം കാണാം. അതും ഇരുവരും രക്ഷിക്കപ്പെട്ടു സ്നാനം ഏറ്റവർ.

ആരാധനയിൽ എപ്പിസ്ക്കോപ്പൽ സഭകൾ ആവർത്തന വിരസമായ പ്രാർത്ഥനകൾ ചെയ്യുന്നു. നാടകരൂപത്തിൽ ആരാധന നടത്തുന്നു. എല്ലാ ഞായറാഴ്ചയും ഒരേ രീതിയിൽ കുർബ്ബാന നടത്തുന്നു എന്നു വിമർശിച്ചവർ ഇന്ന് അവരുടെ ആരാധന എങ്ങനെ നടത്തുന്നു. ആദ്യം പ്രാർത്ഥന, പിന്നെ വേദവായന, പാട്ടുകൾ ഇടയ്ക്കിടെ പ്രധാന ഉപദേശിയുടെ പ്രസംഗം, വാർത്തകൾ, തിരുവത്താഴ ശുശ്രൂഷ, പ്രാർത്ഥന ഇവ കൃത്യമായും ടൈടേബിൾ അനുസരിച്ച് ആവർത്തിച്ചുകൊണ്ടിരിക്കുന്നു. എല്ലാ ഞായറാഴ്ചയും ഈ രീതിയിൽ ആരാധന നടത്തുന്നത് ആവർത്തനമല്ല പിശാചിന്റെ പെട്ടി എന്നു പറയപ്പെടുന്ന ടെലിവിഷൻ അത് ഇറങ്ങിയ കാലത്ത് അതിൽ ദൈവനിന്ദയാണ്, പിശാചിന്റെ വിളയാട്ടമാണ് അതുകൊണ്ട് ടി.വി. വീട്ടിൽ വാങ്ങുകയോ, അതു കാണുകയോ ചെയ്യരുത് എന്ന് വിലക്കിയവരുടെ വീടുകളിൽ പോലും ടിവിയും ഇപ്പോൾ ഇന്റർനെറ്റ് പ്രോഗ്രാം ഒക്കെയുള്ളതും ഏതു നന്മയും തിന്മയും നടത്താവുന്നതുമായ എല്ലാ ആധുനിക സൗകര്യങ്ങളും ഇന്ന് ഉണ്ട്. അത് കാണാനും കേൾക്കാനും ഇന്ന് കൂടുതൽ ഉത്സാഹിക്കുന്നത് ഈ ആധുനിക സഭകളാണ്.

നമ്മുടെ മരണാനന്തരമുള്ള ജീവിതത്തിന് വേണ്ടി ഈ ലോകത്തിൽ നമ്മുടെ ജീവിതം ക്രമപ്പെടുത്തി ഒരുങ്ങിയിരിപ്പാൻ ആഹ്വാനം ചെയ്ത യേശുവും അപ്പോസ്തന്മാരും ഇന്നത്തെ നമ്മുടെ എല്ലാവരുടെയും ജീവിതം കണ്ടാൽ നരകകവാടത്തിനും വഴിയ്ക്കും വീതി കൂട്ടാൻ ശ്രമിക്കും. ശുഭ്രവസ്ത്രധാരികളായി വാനമേഘത്തിൽ പറന്നുയരാൻ ശ്രമിക്കുന്ന രക്ഷിക്കപ്പെട്ടവരെന്ന് അഹങ്കരിക്കുന്ന ആധുനിക സഭകളിലെ അംഗങ്ങൾക്ക് ഇനിയും പളുപളാ മിന്നുന്ന വിലകൂടിയ വസ്ത്രങ്ങളും, കഴുത്തിലും, കാതിലും, കൈയ്യിലും 24 കാരറ്റ് തനിതങ്കത്തിന്റെ ആഭരണങ്ങളും കൂട്ടുണ്ടാകും. ഇന്ന് ഉയർന്ന സാമ്പത്തിക ഭദ്രതയിൽ വിദേശത്തും സ്വദേശത്തും മദിച്ചുപുളയുന്ന ഇപ്രകാരമുള്ള സഭാംഗങ്ങൾ ചുണ്ടിൽ ദൈവത്തിനും ഹൃദയത്തിൽ മാമോനും സ്തോത്രം പറഞ്ഞു. മറ്റുള്ളവരോട് നിങ്ങൾ രക്ഷിക്കപ്പെട്ടോയെന്ന് ചോദിക്കുമ്പോൾ യേശുവിന്റെ വചനം കാതുകളിൽ മുഴങ്ങുന്നു.'വെള്ളതേച്ച ശവക്കല്ലറകളെയെന്ന്'. പ്രിയപ്പെട്ടവരെ ദൈവരാജ്യത്തിന് വേണ്ടി വിശ്വസിച്ചു. സ്നാനം ഏറ്റു. രക്ഷിക്കപ്പെട്ടു എന്നു സ്വയം പറഞ്ഞാൽ മാത്രം പോരാ ക്രിസ്തീയ പ്രവർത്തിയും വേണം സ്വർഗ്ഗരാജ്യം ലഭിപ്പാൻ. വ്യർത്ഥമനുഷ്യാ പ്രവർത്തിയില്ലാത്ത വിശ്വാസം നിഷ്ഫലമെന്ന് ഗ്രഹിപ്പാൻ നിനക്കു മനസ്സുണ്ടോ? വി. വേദപുസ്തകം ഇത് നമ്മോട് സാക്ഷിക്കുന്നു. (യാക്കോ. 2:20.)

(തുടരും)




കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ കീഴിൽ പ്രവർത്തിക്കുന്ന യൂത്ത് അസംബ്ലിയുടെ ഏകദിന സമ്മേളനം കോട്ടയം എം. ജി. ഒ. സി. എം.-ൽ വെച്ച് അഭിവന്ദ്യ കുര്യാക്കോസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്യുന്നു. യൂത്ത് അസംബ്ലീ കൺവീനർ ശ്രീ. സന്തോഷ് കുട്ടി കണിയാംപറമ്പിൽ, ബഹു. വൈദീകർ തുടങ്ങിയവർ സമീപം




Published by St. Maryís Youth Association, Manarcad : For Private Circulation only. Printed at Revi Printers, Kottayam